**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1097** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>അന്താരാഷ്ട്ര യോഗ റിസർച്ച് സെന്ററിന് വേണ്ടി ഭൂമി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. കെ. സനോജ് ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** മട്ടന്നൂർ നിയോജകമണ്ഡലത്തിലെ തില്ലങ്കേരി വില്ലേജിൽ സ്ഥാപിക്കുന്ന അന്താരാഷ്ട്ര യോഗ റിസർച്ച് സെന്ററിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

**<u>മറുപടി:</u>** മട്ടന്നൂർ നിയോജക മണ്ഡലത്തിലെ തില്ലങ്കേരി വില്ലേജിൽ അന്താരാഷ്ട്ര യോഗ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് RFCTLARR ആക്ട് വകുപ്പ് 19(1) പ്രകാരമുള്ള വിജ്ഞാപനം 10/03/2026 ലെ കേരള അസാധാരണ ഗസറ്റിൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. അവാർഡ് നല്കുവാൻ ആവശ്യമായ മുഴുവൻ തുകയും ലഭ്യമല്ലാത്തതിനാൽ പ്രസ്തുത വിവരം അറിഞ്ഞ കൈവശക്കാരിൽ ഒരാളായ ശ്രീ.സുധീഷ് കുമാർ പി. എന്ന വ്യക്തി സ്വമേധയ മുന്നോട്ടുവന്ന് ബാക്കി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തന്റെ നഷ്ട പരിഹാരതുക അനുവദിക്കുന്നതിന് സമ്മതമാണെന്നും മറ്റു ഉടമകൾക്ക് തുക വിതരണം ചെയ്യുന്നതിൽ എതിർപ്പില്ലെന്നും വ്യക്തമാക്കി സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളതിനാൽ ആകെ ഏറ്റെടുക്കേണ്ട 4.4375 ഹെക്ടർ ഭൂമിയിൽ നിന്ന് ടിയാളുടെ 0.4047 ഹെക്ടർ ഭൂമിക്കുള്ള അവാർഡ് ഒഴിവാക്കി 4.0328 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള 7,17,86,819/- രൂപയുടെ അവാർഡ് 02/04/2026 ന ജില്ല കളക്ടർ അംഗീകരിച്ചിട്ടുണ്ട്. ശ്രീ.സുധീഷ് കുമാർ പി. എന്ന വ്യക്തിയുടെ 0.4047 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത ഭൂമി കൂടി ഏറ്റെടുത്ത് ആകെ 4.4375 ഹെക്ടർ ഭൂമിയും കായിക യുവജന കാര്യവകുപ്പിന് കൈമാറുന്നതാണ്.

**(ബി)** പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഭൂഉടമകൾക്ക് നഷ്ടപരിഹാര തുക കൈമാറിയിട്ടുണ്ടോ?

**<u>മറുപടി:</u>** പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനായി അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആനുഷാംഗിക തുക - 7,26,166/- രൂപ

നഷ്ടപരിഹാര തുക - 7,84,68,382/- രൂപ

ശ്രീ.സുധീഷ് കുമാർ പി. ഒഴികെ ഉള്ള മറ്റു ഭൂവുടമകൾക്ക് അംഗീകരിച്ച അവാർഡ് പ്രകാരമുള്ള തുക കൈമാറിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**